©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 14** Vol. XIV | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2025 ജൂലൈ 01** 01st July 2025 **1200 മിഥുനം 17** 17th Mithunam 1200 **1947 ആഷാഢം 10** 10th Ashadha 1947 | **നമ്പർ** No. **2407** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (സാധാ) നമ്പർ 2226/2024/തസ്വഭവ.** *തിരുവനന്തപുരം, 2024, നവംബർ 16*
**എസ്. ആർ. ഒ. നമ്പർ 739/2025**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 447, 448, 449, 450, 453, 454, 455, 456, 459, 460, 462, 469, 470, 492 എന്നീ വകുപ്പുകൾ 565-ാം വകുപ്പിനോട് ക്കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2011 ജൂലൈ 25-ാം തീയതിയിലെ സ.ഉ.(അച്ചടി) 24/2011/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2011 ഫെബ്രുവരി 1-ാം തീയതിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

227–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 84/2011 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2011–ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് കേരള സർക്കാർ, ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ചട്ടങ്ങൾക്ക് 2025–ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ 16/11/2024 തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.–2011–ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 11–ാം ചട്ടം (4)–ാം ഉപചട്ടത്തിന് പകരം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:–

"(4) (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള സമയപരിധി അവസാനിച്ച ശേഷം, എന്നാൽ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ, 7-ാം ചട്ടപ്രകാരമുള്ള വാർഷിക ഫീസിന്റെ 10 ശതമാനം തുകയും, ലൈസൻസിന്റെ കാലാവധി അവസാനിച്ചതിന് ശേഷം, അത് പുതുക്കുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ, ഒരു വർഷം വരെയുള്ള കാലതാമസത്തിന് വാർഷിക ഫീസിന്റെ 20 ശതമാനം തുകയും അതിൽ കൂടുതൽ വരുന്ന കാലയളവിലേക്ക് ഓരോ വർഷത്തേക്കും 25 ശതമാനം വീതവും അധിക ഫീസ് ഈടാക്കിക്കൊണ്ട്, ലൈസൻസ് പുതുക്കി നൽകാവുന്നതാണ്.".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,
*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വ്യാപാരങ്ങളെയും വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയത്തിന്റെ ഭാഗമായി 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 11-ാം ചട്ടം (4)-ാം ഉപചട്ടപ്രകാരം യഥാസമയം ലൈസൻസ് പുതുക്കാത്തതിനു നിശ്ചയിച്ചിട്ടുള്ള പിഴ നിരക്ക് പുനപരിശോധിച്ച് പുതുക്കിയ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16.11.2024 തീയതിയിലെ സ.ഉ.(സാധാ) നം.2226/2024/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേല്പ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.07.01 07:17:50 +05:30